# കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്

കുറ്റിക്കോൽ (പി.ഒ), ചെങ്കള (വഴി), കാസറഗോഡ്-671541

ഇ-മെയിൽ: seckuttikolgp@gmail.com ,ഫോൺ: 04994-205005


നം.എസ്.സി1-5593/2018

തിയ്യതി: 23.01.2019

## ലേലം നോട്ടീസ്

കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം കെ.എൽ 14 ഡി7679 ജീപ്പ് നിലവിലെ അവസ്ഥയിൽ 12.02.2019 ന് പകൽ 11 മണിക്ക് കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ വെച്ച് സെക്രട്ടറിയൊ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്യുന്നതാണ്. (വാഹനം ഇപ്പോൾ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന് സമീപമുള്ള പ്രിൻസ് വർക്ക് ഷോപ്പിൽ സൂക്ഷിച്ചിരിക്കുന്നു.) ലേലത്തിൽ പങ്കെടുക്കുന്നവർ ക്വട്ടേഷൻ കൂടി സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിച്ചവരെ മാത്രമെ ലേലത്തിൽ പങ്കെടുപ്പിക്കുകയുള്ളു

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 2000 രൂപ നിരതദ്രവ്യമായി ലേലഹാളിൽ കെട്ടിവെക്കേണ്ടതാണ്. ഏറ്റവും കൂടിയ തുകയ്ക്ക് ലേലം/ക്വട്ടേഷൻ വിളിക്കുന്നയാളുടെ പേരിൽ ലേലം താൽകാലികമായി ഉറപ്പിക്കുന്നതും ടിയാൾ ടി തുകയുടെ 25%(നിരതദ്രവ്യം ഉൾപ്പടെ) പഞ്ചായത്തിൽ ലേലം അവസാനിക്കുമ്പോൾ തന്നെ അടച്ച് രസീതു വാങ്ങേണ്ടതുമാണ്.

ഏതൊരു ലേലവും അംഗീകരിക്കാനും നിരസിക്കാനുമുള്ള അധികാരം പഞ്ചായത്ത് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും

ലേലം അംഗീകരിച്ച് അറിയിപ്പ് ലഭിക്കുന്നവർ 7 ദിവസത്തിനകം ബാക്കി തുക (18% ജി.എസ്.ടി ഉൾപ്പെടെ) പഞ്ചായത്തിൽ അടവ് വരുത്തേണ്ടതും അല്ലാത്ത പക്ഷം അടവ് വരുത്തിയ തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതും ആയിരിക്കും.

ലേലഹാളിൽ ഉണ്ടാകുന്ന ഏതൊരു തർക്കത്തിലും ലേല ഉദ്യോഗസ്ഥന്റെ തീരുമാനം അന്തിമമായിരിക്കും. വാഹനത്തിന്റെ കുറഞ്ഞ ലേലവില 1,20,000 രൂപ. (18% ജി.എസ്.ടി പുറമെ ഉണ്ടാവും) 50 രൂപയിൽ കുറഞ്ഞ് ലേലം കൂട്ടിവിളിക്കുവാൻ അനുവദിക്കുകയില്ല

ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുന്നതായിരിക്കും

K. BHASKARAN
സെക്രട്ടറി
കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്

പകർപ്പ്

1. കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് നോട്ടീസ് ബോർഡ്
2. കുറ്റിക്കോൽ, കരിവേടകം, ബന്തടുക്ക വില്ലേജ് ഓഫീസ്
3. വി.ഇ.ഒ, അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷിഭവൻ, വെറ്ററിനറി ഡിസ്പെൻസറി എന്നീ ഓഫീസുകൾ
4. പഞ്ചായത്ത് വെബ് സൈറ്റ്
5. എല്ലാ ഗ്രാമപഞ്ചായത്തിന്റെയും ഇമെയിൽ
6. പത്രപരസ്യം
7. സ്റ്റോക്ക് ഫയൽ